പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4183 21/07/2015-ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയിൽ ഇഞ്ചി സംസ്കരണശാല അനുവദിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.വി.ശ്രേയാംസ് കുമാർ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) വയനാട് ജില്ലയിലെ ഇഞ്ചി കർഷകർക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ; | എ) വയനാട് ജില്ലയിലെ ഇഞ്ചി കർഷകർക്ക് ഹെക്ടർ ഒന്നിന് 12000 രൂപ ധനസഹായം നല്കുന്ന പദ്ധതി നടപ്പിലാക്കുന്നതനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) ഇഞ്ചി കർഷകരെ സഹായിക്കുന്നതിനായി ജില്ലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) വയനാട് ജില്ലയിലെ ഇഞ്ചി കർഷകരെ സഹായിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ 500 ഹെക്ടർ സ്ഥലത്ത് ഇഞ്ചി കൃഷി നടപ്പിലാക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| സി) ജില്ലയിൽ ഇഞ്ചി സംസ്കരണശാല അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) കൃഷി വകുപ്പിന്റെ മൂല്യവർദ്ധനവിനുള്ള പദ്ധതി 2013-14 പ്രകാരം 255.27533 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് മലബാർ റീജിയണൽ കോപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ മീനങ്ങാടിയിൽ ഒരു ഇഞ്ചി സംസ്കരണ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു വരുന്നു. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**